# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ –767 08.11.2016- ൽ മറുപടിയ്ക്ക്

## എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എം. ഷാജി**<br>**ശ്രീ. പി.ഉബൈദുള്ള**<br>**ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. പി.കെ. ബഷീർ** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) വിദേശ രാജ്യങ്ങളിൽ ദുരിതമനുഭവിക്കുന്ന പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിന് "എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്" നിലവിലുണ്ടോ; | എ) വിദേശ രാജ്യങ്ങളിൽ ദുരിതമനുഭവിക്കുന്ന പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിന് "എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്" നിലവിലുണ്ട്. |
| ബി) എങ്കിൽ ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ; | ബി) അടിയന്തിര സാഹചര്യത്തിൽ, കേന്ദ്രസർക്കാർ പ്രവാസി മലയാളികളെ ഇന്ത്യയിൽ എത്തിയ്ക്കുമ്പോൾ അവിടെനിന്നും അവരെ വീടുകളിലെത്തിക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിച്ചു വരുന്നു.<br>എമർജൻസി റിപ്പാട്രിയേഷന് വേണ്ടി 14.10.2015 ൽ സർക്കാർ 50,00,000/- രൂപ അനുവദിച്ചിരുന്നു. ഈ തുക യമൻ, ഇറാക്ക്, ലിബിയ, ചെന്നൈ എന്നിവിടങ്ങളിൽ നിന്ന് എമർജൻസി റിപ്പാട്രിയേഷന് ഉപയോഗിച്ചിരുന്നു. എന്നാൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ആവശ്യമായി വന്നതിനാൽ 20.10.2016 ൽ ഈ സർക്കാർ 98,33,889/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്. |
| സി) ആഭ്യന്തര കലാപം രൂക്ഷമായ രാജ്യങ്ങളിൽ നിന്നും പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് ഈ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതിയുണ്ടോ; | സി) അനുമതിയുണ്ട്.<br>വിദേശ രാജ്യങ്ങളിൽ നിന്ന് പ്രവാസികളെ ഇന്ത്യയിൽ എത്തിക്കുന്നത് കേന്ദ്ര |

ഗവൺമെന്റാണ്. ഇന്ത്യയിൽ എത്തിയ പ്രവാസി മലയാളികളെ അവരുടെ വീട്ടുകളിൽ എത്തിക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിച്ചു വരുന്നു.

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ഫണ്ട് വഴി എന്തു തുക ചെലവഴിച്ചുവെന്നും ഏതെല്ലാം കേസുകളിലാണെന്നും വ്യക്തമാക്കുമോ ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എമർജൻസി റിപ്പാട്രിയേഷന് വേണ്ടി 2014-2015, 2015-2016 വർഷത്തെ അധികം ചെലവായ 98,33,889/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>കലാപം രൂക്ഷമായിരുന്ന ഇറാക്ക്, ലിബിയ എന്നിവിടങ്ങളിൽ നിന്നും കേരളീയരെ നാട്ടിലെത്തിച്ച വകയിൽ 78,65,149/- രൂപ , ചെന്നൈ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് മലയാളികളെ നാട്ടിലെത്തിച്ച വകയിൽ 53,261/- രൂപ , 2016 ൽ ലിബിയയിൽ നിന്നും കേരളീയരെ നാട്ടിലെത്തിച്ച വകയിൽ വിമാന ടിക്കറ്റിനു 18,77,030 /- രൂപ, കൊച്ചി വിമാനത്താവളത്തിൽ ഹെൽപ് ഡെസ്ക് സ്ഥാപിച്ച വകയിൽ 38,449/- രൂപ എന്നിങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്.<br>ഇതു കൂടാതെ, ഈ സർക്കാർ വന്നതിനു ശേഷം സൗദി അറേബ്യയിലെ 91 മലയാളിതൊഴിലാളികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് കേരളം, ഡൽഹി, മുംബൈ എയർപോർട്ടുകളിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ച വകയിലും തിരികെ വന്ന പ്രവാസികൾക്ക് യാത്ര ചെലവിനായി തുക നല്കിയ വകയിലും 3,26,262/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**